# ഏലൂർ നഗരസഭ
## സാധാരണ കൗൺസിൽ യോഗ നോട്ടീസ്

ELOOR MUNICIPALITY UDYOGAMANDAL-P.O.

**G2-347/11** **14.06.2018**

മാന്യ മിത്രമെ,

ഏലൂർ നഗരസഭാകൗൺസിലിന്റെ ഒരു സാധാരണ കൗൺസിൽ യോഗം **19.06.2018 ചൊവ്വാഴ്ച രാവിലെ 11.00-ന്** താഴെ പറയുന്ന അജണ്ടകൾ പരിഗണിക്കുന്നതിനായി കൗൺസിൽ ഹാളിൽ വച്ച് ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. താങ്കൾ കൃത്യ സമയത്ത് പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നു.

**മുനിസിപ്പൽ ചെയർപേഴ്സൺ**

**എല്ലാ കൗൺസിൽ അംഗങ്ങൾക്കും**
**പകർപ്പ് : നോട്ടീസ് ബോർഡ്, എല്ലാ വകുപ്പു തലവന്മാർക്കും.**

**അജണ്ട: 1**

G2-5695/18

ഏലൂർ നഗരസഭയുടെ കീഴിൽ വരുന്ന മുനിസിപ്പൽ ലൈബ്രറികളിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തിക സൃഷ്ടിക്കുന്നതിനായി നഗരസഭാ കൗൺസിലിന്റെ ശുപാർശ കത്ത് അയയ്ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജെയ്മോൻ ജോസഫ് നൽകിയ അപേക്ഷ ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

**അജണ്ട: 2.**

H1-1525/18

ഏലൂർ നഗരസഭ – സായംപ്രഭ കേന്ദ്രം – (1) മാനേജ്മെന്റ് കമ്മറ്റി പുന:സംഘടിപ്പിക്കുന്നത് (2) കെയർ ഗിവർ, യോഗ ഇൻസ്ട്രക്ടർ നിയമനം (3) സാധന സാമഗ്രികൾ വാങ്ങുന്നത് – ഇതു സംബന്ധിച്ച വിഷയങ്ങൾ ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. നിലവിലുള്ള മാനേജ്മെന്റ് കമ്മിറ്റിയിലുള്ള ശ്രീ. പി. എൽ. ജോസഫ്, കെ. എൻ. ഗോപിനാഥൻ എന്നിവരെ ഒഴിവാക്കി ശ്രീ. പി. എൽ. മാത്യു, ശ്രീ. പി. ജെ. സെബാസ്റ്റ്യൻ, ശ്രീ. ഡി. ഗോപിനാഥൻ, ശ്രീ. എം. എ. ജോഷി, ശ്രീ. എം. ഇബ്രാഹിം എന്നിവരെ ഉൾപ്പെടുത്തുന്നതിന് മാനേജ്മെന്റ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.
2. കെയർ ഗിവർ, യോഗ ഇൻസ്ട്രക്ടർ എന്നിവരെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കാവുന്നതാണ്.
3. സാധന സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കാവുന്നതാണ്.

**അജണ്ട: 3.**

PH1-5565/18

PMAY പദ്ധതിയിൽ നിന്നും ഒഴിവാക്കണമെന്ന ശ്രീമതി അമ്മുക്കുട്ടി തങ്കമ്മ, ഇലഞ്ഞിക്കൽ(H), എന്നയാളുടെ അപേക്ഷ ബഹു. കൗൺസിൽ പരിഗണയ്ക്കായി.

കുറിപ്പ് : ശ്രീമതി അമ്മുക്കുട്ടി തങ്കമ്മ PMAY, DPR–ലെ ഗുണഭോക്താവാണ്. ഒന്നാം ഗഡു കൈപ്പറ്റിയിട്ടുള്ളതിനാൽ കുടുംബശ്രീ സംസ്ഥാന മിഷന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

**അജണ്ട: 4.**

A3-5035/16

ഏലൂർ നഗരസഭ – നഗരസഭാ കൗൺസിലിന്റെ 17.05.2018 തീയതിയിലെ 7–ാം നമ്പർ തീരുമാനത്തിന്റേയും, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.05.2018 തീയതിയിലെ 1(2)–ാം നമ്പർ തീരുമാനപ്രകാരം നഗരസഭയിലെ 29 അങ്കണവാടികളിലേയ്ക്ക് മഞ്ഞുമ്മൽ മാവേലി സ്റ്റോറിൽ നിന്നും പോഷകാഹാരങ്ങൾ ട്രാൻസ്പോർട്ട് ചെയ്യുന്നതിന് ലഭിച്ചിട്ടുള്ള ക്വട്ടേഷനുകളിൽ നിന്നും യോജ്യമായത് അംഗീകരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ. (ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രത്യേകം സമർപ്പിക്കുന്നതാണ്)

**അജണ്ട: 5.**

A3-5035/16

ഏലൂർ നഗരസഭയിലെ 31 വാർഡുകളിലെ 29 അങ്കണവാടികളിൽ സർക്കാർ നിർദ്ദേശപ്രകാരം തിരഞ്ഞെടുക്കപ്പെട്ട സോഷ്യൽ ഓഡിറ്റ് ടീം ഓഡിറ്റ് നടപടി പൂർത്തിയാക്കിയിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.05.2018 തീയതിയിലെ 3–ാം നമ്പർ തീരുമാനമായി അംഗീകരിച്ച ടി. റിപ്പോർട്ട് ബഹു. കൗൺസിൽ അംഗീകാരത്തിനായി.

**അജണ്ട: 6.**

A3-5035/16

ഏലൂർ നഗരസഭയിലെ 29 അങ്കണവാടികളിലെ പോഷകാഹാര വിതരണ ചുമതല ഏറ്റെടുക്കുന്നതിന് മാവേലി സ്റ്റോറിൽ നിന്ന് നേരിട്ട് വാങ്ങുവാൻ ICDS സൂപ്പർവൈസർ നൽകിയ അപേക്ഷ, കൺസ്യൂമർ ഫെഡ് മുമ്പ് സമർപ്പിച്ച അപേക്ഷ, കുടുംബശ്രീ സംരംഭങ്ങൾ സമർപ്പിച്ച അപേക്ഷ എന്നിവ പരിഗണിച്ച്, മാവേലി സ്റ്റോറിൽ നിന്നും നേരിട്ട് സർക്കാർ നിർദ്ദേശാനുസരണം സാധനങ്ങൾ വാങ്ങുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 31.05.2018 തീയതിയിലെ 1(1)–ാം നമ്പർ ശുപാർശ ചെയ്യുകയുണ്ടായി. ആയത് ബഹു. കൗൺസിൽ അംഗീകാരത്തിനായി.

**അജണ്ട: 7.**

H1-176/18

ഏലൂർ നഗരസഭ – "ആരോഗ്യ ജാഗ്രത പകർച്ച വ്യാധി പ്രതിരോധ യജ്ഞം – 2018" തദ്ദേശ സ്വയംഭരണ(ഡി.സി.) വകുപ്പിൽ നിന്നും ലഭിച്ച 720/ഡി.സി.1/2018/ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ ബഹു. കൗൺസിൽ മുമ്പാകെ.

**അജണ്ട: 8.**

H1-11735/17

ഏലൂർ നഗരസഭയുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള സിറ്റി സാനിറ്റേഷൻ പ്ലാൻ(CSP) ബഹു. കൗൺസിലിന്റെ അംഗീകാരത്തിനുമായി.

കുറിപ്പ് :
1. 10.05.2018 തീയതിയിലെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഹു. കൗൺസിലിലേയ്ക്ക് ശുപാർശ ചെയ്തിട്ടുണ്ട്.
2. CSP അംഗീകരിച്ച് ശുചിത്വ മിഷന് ഒരു കോപ്പി സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

**അജണ്ട: 9.**

H1-7144/17

ഏലൂർ നഗരസഭയിൽ നിലവിലുള്ള സ്ഥിരം കണ്ടിജന്റ് തസ്തികയില ഒഴിവുള്ള 6 തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നഗരസഭാ ചെയർപേഴ്സൺ നൽകിയിട്ടുള്ള കത്ത് ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :
1. 2010-ൽ നഗരസഭയായി രൂപീകരിക്കപ്പെട്ടപ്പോൾ ഏലൂർ നഗരസഭയ്ക്ക് 6 കണ്ടിജന്റ് തസ്തിക അനുവദിച്ചിട്ടുള്ളതാണ്.
2. 8 പേരെ എംപ്ലോയ്മെന്റ് മുഖേന താത്കാലികമായി നിയമിച്ചിട്ടുള്ളതാണ് ഇത്തരത്തിൽ നിയമനം നടത്തിയിട്ടുള്ളവർക്കാണ് മുൻഗണന നൽകേണ്ടത്. എന്നാൽ 6 തസ്തിക മാത്രമാണ് നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ളത്.
3. സ്ഥിരം നിയമനം നൽകുമ്പോൾ നടപ്പാക്കേണ്ട സംവരണം തത്വം നിശ്ചയിച്ച് നൽകുന്നതിന് എംപ്ലോയ്മെന്റ് ഓഫീസറുടെ റിപ്പോർട്ട് വാങ്ങേണ്ടതാണ്

**അജണ്ട: 10.**

PW3-639/10

സൂചന : ഏലൂർ നഗരസഭ – അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി – ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ എഗ്രിമെന്റ് പുതുക്കുന്നത് – സംബന്ധിച്ച്.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർ–കം–അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ശ്രീമതി മിനി എ. എൻ.–ന്റെ കരാർ കാലാവധി ജൂലൈ മാസം അവസാനിക്കുന്നതിനാൽ ടിയാരിയുടെ കരാർ കാലാവധി പുതുക്കി നൽകുന്ന വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്ക്.

**അജണ്ട: 11.**

PW2-9338/13

ബഹു. നഗരസഭാ ചെയർപേഴ്സന്റെ വാഹനമായ KL-41-J-9710 നമ്പർ Ciaz കാറിന്റെ ടയറുകളുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ ടയറുകൾ വാങ്ങുന്നതിനായി ബഹു. ചെയർപേഴ്സന്റെ അനുമതിയുടെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിച്ചതിൽ നിന്നും ലഭിച്ച ക്വട്ടേഷനുകളിൽ കുറഞ്ഞ

നിരക്ക് രേഖപ്പെടുത്തിയ PP Tyres, Cheranellor-ന്റെ ക്വട്ടേഷൻ (Rs. 19,800/- JK Tyre)അംഗീകരിച്ചുകൊ ബഹു. ചെയർപേഴ്സൺ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്ന വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

**അജണ്ട: 12.**

G1-9779/17

ജനകീയാസൂത്രണം 2018-19 ലെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഏലൂർ PHC–യിൽ ഒരു ഫിസിയോ തെറാപ്പിസ്റ്റിന്റെ നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം ബഹു. കൗൺസിൽ പരിഗണനയ്ക്കായി.

കുറിപ്പ് :

1. PHC-യിൽ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മെഡിക്കൽ ഓഫീസർ കത്ത് സമർപ്പിച്ചിട്ടുണ്ട്.
2. ഫിസിയോതെറാപ്പിസ്റ്റിന്റെ തിരഞ്ഞെടുപ്പ് സംബന്ധിച്ച നടപടികളുടെ പൂർണ്ണ ചുമതല നഗരസഭാ ചെയർപേഴ്സൺ ഉൾപ്പെടുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)–യ്ക്കാണ് എന്നാണ് തദ്ദേശ സ്വയംഭരണ(ഡി.എ.)വകുപ്പിന്റെ 29.10.2015–ലെ G.O.3217/2015/LSGD നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ളതാണ്.
3. ഫിസിയോതെറാപ്പിസ്റ്റിന്റെ നിയമനം നടത്തുന്നതിന് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയെ (PMC) ചുമതലപ്പെടുത്താവുന്നതാണ്.
4. ഇതിനു വരുന്ന ചിലവുകൾ "സ്വാന്തന പരിചരണം" എന്ന പ്രൊജക്ടിൽ നിന്നും നൽകുവാൻ നിർദ്ദേശം നൽകാവുന്നതാണ്.

**അജണ്ട: 14.**

PW3-639/10

ഏലൂർ നഗരസഭ – അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽപെടുത്തി കൃഷി ആരംഭിക്കുന്നതിനുവേണ്ടി ഹൈ ബ്രീഡ് ജമന്തി തൈകൾ വാങ്ങണമെന്ന് നഗരസഭാ ചെയർപേഴ്സൻ നിർദ്ദേശിച്ചിട്ടുള്ള വിഷയം ബഹു. കൗൺസിൽ മുമ്പാകെ.

കുറിപ്പ് :

1. നഗരസഭാ ചെയർപേഴ്സന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അഗ്രോ സർവ്വീസ് സെന്ററിൽ അന്വേഷിച്ചപ്പോൾ ഒരു ഹൈ ബ്രീഡ് ജമന്തി തൈയ്ക്ക് 4.50/- രൂപയാണ് നിരക്ക് എന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.
2. ഒരു ച. മീ. സ്ഥലത്ത് 6 ജമന്തി തൈകൾ മാത്രമേ നടുവാൻ സാധിക്കുകയുള്ളു. ആയതിനാൽ ഇതിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. സ്വകാര്യ സ്ഥലങ്ങളിൽ തൈകൾ നടുന്നതിന് സ്വകാര്യ വ്യക്തിയുടെ സമ്മതപത്രം ആവശ്യമാണ്.
3. തൈകളുടെ നടീലും, പരിപാലനവും, അതിൽ നിന്നുള്ള ആദായവും തൊഴിലുറപ്പ് തൊഴിലാളികൾക്ക് അർഹതപ്പെട്ടതാണ്.

**<u>അജണ്ട: 13.</u>**

G1/A1-10877/15

ഏലൂർ നഗരസഭയുടെ 2010-11 മുതൽ 2015-16 ആദ്യപകുതി വരെയുള്ള പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ടി. കാലയളവിൽ നടത്തിയ പദ്ധതികളുടെ നിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ച പരിഹരിച്ച് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള ലഭിച്ചിട്ടുള്ള കത്ത് ബഹു. കൗൺസിൽ അറിവിലേയ്ക്ക്